**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1461** **07-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉയർന്ന ഭരണ ചെലവ് മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | 29.06.2020-ലെ സ.ഉ(കൈ) 35/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ നിയമനിർമ്മാണത്തിനുള്ള അടിയന്തിര നടപടികൾ പുരോഗമിച്ച് വരുന്നു . |
| (ബി) | ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ പുന:സംഘടനയും ശാക്തീകരണവും സംബന്ധിച്ച് പഠിക്കുന്നതിനായി ലേബർ കമ്മീഷണർ അദ്ധ്യക്ഷനായി രൂപീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിക്ക ക്ഷേമനിധി ബോർഡുകളിലേയും അംശദായവും ആനുകൂല്യ തുകയും വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡുകളുടെ സംയോജനം സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ക്ഷേമനിധി ബോർഡുകളുടെ ഭരണ ചെലവ് കുറയ്ക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | **ക്ഷേമനിധി ബോർഡുകളുടെ ഭരണചെലവ് കുറയ്ക്കുന്നതിനായി ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ മെമ്പർഷിപ്പ് രജിസ്ട്രേഷനും, അംശദായം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ